കെ. എസ്. ആർ. ടി. സി നന്നാവില്ലെന്ന് ബഡ്ജറ്റിൽ; നിരാശനായി സെൻകുമാർ അവധിയിലേക്ക്

തിരുവനന്തപുരം : കെ.എസ്.ആർ. ടി.സിയെ നന്നാക്കാനിറങ്ങി ഒടുവിൽ നിരാശനായി എം.ഡിയും ചെയർമാനുമായ ടി. പി. സെൻകുമാർ ആ സ്ഥാനത്തുനിന്ന് സ്വയം പിൻമാറുന്നു. തന്നെ തൽസ്ഥാനത്ത്നിന്നു മാറ്റണമെന്ന് മന്ത്രി ജോസ് തെറ്റയിലിനോട് ആഭ്യർത്ഥിച്ച സെൻകുമാർ രണ്ട് ദിവസത്തിനകം ഇക്കാര്യം കാണിച്ച് ചീഫ് സെക്രട്ടറിക്ക് കത്ത് നൽകും.

കെ.എസ്.ആർ.ടി.സിയുടെ പ്രവർത്തനം മോശം എന്ന് മന്ത്രി തോമസ് ഐസക് ബഡ്ജറ്റ് അവതരിപ്പിച്ചുകൊണ്ട് നടത്തിയ പ്രഖ്യാപനമാണ് ഇനി എം.ഡിയായി തുടരേണ്ട എന്ന് തീരുമാനിക്കാൻ സെൻകുമാറിനെ പ്രേരിപ്പിച്ചത്. 121 കോടി രൂപ നല്കിയിട്ടും രക്ഷപ്പെടാത്ത കോർപ്പറേഷനാണ് കെ.എസ്.ആർ.ടി.സി എന്നാണ് ഐസക് പറഞ്ഞത്. എന്നാൽ ഇത്രയും തുക കിട്ടിയില്ല എന്നാണ് സെൻകുമാർ പറയുന്നത്. 40 കോടി രൂപ വായ്പ തന്നു. 15 കോടി അടിസ്ഥാന സൗകര്യങ്ങൾക്കുള്ള ഫണ്ടായും കിട്ടി. 50 കോടി തന്നത് ശക്തൻ മന്ത്രിയായിരുന്ന കാലത്ത് ഐ.ഒ.സിയിൽ നിന്നുമെടുത്ത വായ്പ അടയ്ക്കാനാണ്. 15 കോടി തരാമെന്നു വാഗ്ദാനംചെയ്തിട്ടുണ്ട്. ഇതെല്ലാം കൂടി ചേർത്താൽ 120 കോടിയേ ആവുകയുള്ളൂ. ഐ.ഒ.സിക്ക് കടംവീട്ടാൻ നല്കിയ തുക എങ്ങനെ കെ.എസ്.ആർ. ടി.സിക്ക് കിട്ടും? താൻ ചുമതലയേൽക്കുമ്പോൾ വെന്റിലേറ്ററിലായിരുന്ന കെ.എസ്.ആർ.ടി.സിയെ വാർഡിലേക്ക് എത്തിക്കാൻ കഴിഞ്ഞു. മുൻ മന്ത്രിമാരുടെകാലത്ത് എടുത്ത വായ്പയ്ക്ക് 20 കോടി രൂപ പ്രതിമാസം പലിശ നല്കുന്നു. പട്ടയമില്ലാതിരുന്ന കെ.എസ്.ആർ.ടി.സിയുടെ ഭൂമിക്ക് പട്ടയം ഉണ്ടാക്കിയത് മൂന്നര വർഷക്കാലത്തെ തന്റെ പ്രവർത്തനത്തിന്റെ ഫലമാണ്. 1965 മുതൽ 2007 വരെ എന്തുകൊണ്ട് പട്ടയം ഉണ്ടായില്ല–സെൻകുമാർ ചോദിക്കുന്നു.

ലീവ് എടുക്കാതെയും വിശ്രമമില്ലാതെയുമാണ് താൻ ജോലിചെയ്തത്. അച്ഛൻ മരിച്ചപ്പോൾ മാത്രമാണ് മൂന്നു ദിവസത്തെ കാഷ്വൽ ലീവ് എടുത്തത്. താൻ വിദേശയാത്ര പോയിട്ടില്ല. ബസുകളുടെയും സർവീസുകളുടെയും എണ്ണം കൂട്ടി. അപകടങ്ങളുടെ എണ്ണം കുറയ്ക്കാൻ ഡ്രൈവർമാർക്കും കണ്ടക്ടർമാർക്കും പരിശീലനം നല്കുന്നു. ഒരു നിയന്ത്രണവുമില്ലാതെകിടന്ന കെ.എസ്.ആർ.ടി.സിക്ക് അടുക്കും ചിട്ടയുമുണ്ടാക്കി. എന്നിട്ടും അസത്യം പറയുന്നു. ഇനി വയ്യ; അതുകൊണ്ട് നീണ്ട ലീവിൽ പോവുകയാണ്. ഒന്നര വർഷത്തെ ലീവ് എനിക്ക് കിട്ടാനുണ്ട്. മുടങ്ങിക്കിടക്കുന്ന ഓൺ ട്രാഫിക് ആക്സിഡന്റ് എന്ന എന്റെ റിസർച്ച് പൂർത്തിയാക്കണം–സെൻകുമാർ പറയുന്നു.

റേഷനരി വിലകുറച്ചു വിറ്റാൽ കേന്ദ്രം കേസെടുക്കുമോ? മന്ത്രി ഐസക്

തിരുവനന്തപുരം : റേഷനരി സബ്സിഡി നൽകി വിലകുറച്ചുവിറ്റാൽ സംസ്ഥാന സർക്കാരിനെതിരെ കേസെടുക്കുമോ എന്ന് കേന്ദ്രമന്ത്രി കെ.വി. തോമസ് വ്യക്തമാക്കണമെന്ന് മന്ത്രി തോമസ് ഐസക് വാർത്താസമ്മേളനത്തിൽ ആവശ്യപ്പെട്ടു.

ബഡ്ജറ്റിൽ 35 ലക്ഷം കുടുംബങ്ങൾക്ക് രണ്ടുരൂപയ്ക്ക് അരി നൽകുമെന്ന് പ്രഖ്യാപിച്ചപ്പോൾ മന്ത്രി കെ. വി. തോമസ് ചിലസംശയങ്ങൾ പ്രകടിപ്പിച്ചു. അതിന് മറുപടി നൽകി. പിന്നാലെ ഒരു ഫാക്സ്വന്നു. അത് പത്രങ്ങൾക്ക് നൽകാനുള്ള അടവാണെന്ന് പിന്നെയാണ് മനസിലായത്. ദേശീയ ഭക്ഷ്യസുരക്ഷാ പദ്ധതിയുമായി എന്തിനാണ് കേരളത്തിലെ അരിവിതരണത്തെ കൂട്ടിക്കുഴയ്ക്കുന്നത്. മൂന്നുരൂപയ്ക്ക് നൽകാനായി അനുവദിച്ച അരി രണ്ടുരൂപയ്ക്ക് നൽകുന്നതിൽ എന്താണ് തെറ്റ്. കേരളത്തിൽ സ്വന്തമായി ഭക്ഷ്യ സബ്സിഡിയും റേഷനിംഗും നടപ്പാക്കിയാൽ ശിക്ഷാനടപടി സ്വീകരിക്കാൻ കേന്ദ്രം നിയമമുണ്ടാക്കുകയാണെന്നും മന്ത്രി തോമസ് ഐസക് ആരോപിച്ചു.

കെ. വി. തോമസ് തുറന്ന കത്തിലൂടെ ചോദിക്കുന്ന കാര്യങ്ങൾക്ക് തിരിച്ച് ചോദ്യം ഉന്നയിച്ചാൽ അദ്ദേഹം പ്രതിക്കൂട്ടിലാകും. കേരളത്തിൽ 20 ലക്ഷം ബി.പി.എൽ കുടുംബങ്ങൾ ഉള്ളപ്പോൾ ലിസ്റ്റ്വെട്ടിച്ചുരുക്കി 11 ലക്ഷമാക്കിയത് കേന്ദ്രമാണ്. എ. പി. എൽ അരിവിഹിതംകൂടി എടുത്താണ് രണ്ടുരൂപയ്ക്ക് നൽകുന്നത്. പാവങ്ങളുടെ കഞ്ഞികുടി മുട്ടിക്കാനാണ് മന്ത്രി കെ. വി. തോമസ് ശ്രമിക്കുന്നത്. എ. പി. എൽ വിഭാഗത്തിന് 10 രൂപയ്ക്ക് അരി നൽകുന്നത് കേന്ദ്രം എതിർക്കുമോ? കേരളത്തിലെ റേഷനിംഗ് തുടരാൻ അനുവദിക്കുമോ എന്നും തോമസ് ഐസക് ചോദിച്ചു.

മേജർ സന്ദീപിന്റെ സ്മരണയിൽ അച്ഛനും അമ്മയും അവാർഡ് ഏറ്റുവാങ്ങി

തിരുവനന്തപുരം : 110 കോടി ഇന്ത്യക്കാരുടെ ശ്രദ്ധ മുഴുവൻ ആകർഷിക്കുന്നവിധത്തിൽ തന്റെ മകൻ വളരുമെന്നു കരുതിയിരുന്നില്ലെന്ന് മുംബയ് ഭീകരവിരുദ്ധ ഓപ്പറേഷനിടെ കൊല്ലപ്പെട്ട മേജർ സന്ദീപ് ഉണ്ണിക്കൃഷ്ണന്റെ അച്ഛൻ ഉണ്ണിക്കൃഷ്ണൻ പറഞ്ഞു.

മേജർ സന്ദീപിന് മരണാനന്തര ബഹുമതിയായി ബേബിജോൺ ഫൗണ്ടേഷന്റെ അവാർഡ് നടൻ മോഹൻലാലിൽനിന്ന് ഏറ്റുവാങ്ങിക്കൊണ്ട് സംസാരിക്കുകയായിരുന്നു അദ്ദേഹം. താനും തന്റെ കുടുംബവും രാഷ്ട്രീയക്കാരെ ബഹുമാനിക്കുന്നവരാണ്. തന്റെ പേരിൽ വിവാദങ്ങൾ ഉണ്ടായതെങ്ങനെയാണെന്നറിയില്ല– ഉണ്ണിക്കൃഷ്ണൻ പറഞ്ഞു. സന്ദീപിന്റെ അമ്മയും ചടങ്ങിൽ സംസാരിച്ചു.

മുംബയ് ഭീകരാക്രമണത്തിൽ വീരമൃത്യു വരിച്ച ലഫ്: മേജർ സന്ദീപ് ഉണ്ണികൃഷ്ണന് മരണാനന്തര ബഹുമതിയായി ബേബിജോൺ ഫൗണ്ടേഷൻ ഏർപ്പെടുത്തിയ അവാർഡ് കനകക്കുന്ന് കൊട്ടാരത്തിൽ നടന്ന ചടങ്ങിൽ നടൻ മോഹൻലാൽ സന്ദീപിന്റെ പിതാവ് ഉണ്ണികൃഷ്ണൻ, മാതാവ് വിജയലക്ഷ്മി എന്നിവർക്ക് നൽകുന്നു. പ്രതിപക്ഷനേതാവ് ഉമ്മൻചാണ്ടി, ഡി.ബാബുപോൾ,ഷിബുബേബി ജോൺ എന്നിവർ സമീപം.

വിവരസാങ്കേതിക മേഖലയിലെ അതികായനും ഇൻഫോസിസ് ചെയർമാനുമായ ക്രിസ് ഗോപാലകൃഷ്ണൻ പ്രതിപക്ഷ നേതാവ് ഉമ്മൻചാണ്ടിയിൽനിന്ന് അവാർഡ് ഏറ്റുവാങ്ങി. താൻ ജനിച്ചുവളർന്ന തിരുവനന്തപുരത്തുവച്ച് അംഗീകരിക്കപ്പെടുന്നതിൽ സന്തോഷമുണ്ടെന്ന് ക്രിസ് ഗോപാലകൃഷ്ണൻ പറഞ്ഞു. മുൻ എം.പി വക്കച്ചൻ മറ്റത്തിലും ഷാജി ബേബിജോണും പ്രശംസാപത്രങ്ങൾ വായിച്ചു. വന്ദേമാതര ഗാനാലാപനത്തിന്റെ പശ്ചാത്തലത്തിൽ സദസ് മുഴുവൻ മെഴുകുതിരി കത്തിച്ച് സന്ദീപ് ഉണ്ണികൃഷ്ണന്റെ ഓർമ്മയ്ക്കു മുന്നിൽ ആദരാഞ്ജലി അർപ്പിച്ചു. സിനിമാതാരം ഇന്നസെന്റ്, ആര്യാടൻ മുഹമ്മദ് എം.എൽ.എ എന്നിവർ സംസാരിച്ചു.

ബേബിജോൺ ഫൗണ്ടേഷൻ ചെയർമാൻ ഡി .ബാബു പോൾ അദ്ധ്യക്ഷതവഹിച്ചു. ഷിബുബേബിജോൺ സ്വാഗതം പറഞ്ഞു.

ജൈവവൈവിദ്ധ്യം കാക്കാൻ ഭാരതപ്പുഴയോരത്ത് കൺകെട്ടുവിദ്യ

തിരുവനന്തപുരം : അന്താരാഷ്ട്ര ജൈവവൈവിദ്ധ്യ വർഷം പ്രമാണിച്ച് സംസ്ഥാന വനംവകുപ്പും മാജിക് അക്കാഡമിയും ചേർന്ന് സംസ്ഥാനത്തുടനീളം ബോധവത്കരണ മാജിക്ഷോ സംഘടിപ്പിക്കുമെന്ന് മന്ത്രി ബിനോയ് വിശ്വം വാർത്താസമ്മേളനത്തിൽ പറഞ്ഞു.

ബോധവത്കരണ പരിപാടിയുടെ സംസ്ഥാനതല പ്രഖ്യാപനം കുറിച്ച് ഒറ്റപ്പാലത്ത് നിളാനദിക്കരയിൽ മാർച്ച് 13ന് വൈകിട്ട് 5.30ന് ഗോപിനാഥ് മുതുകാട് ആവിഷ്കരിച്ച 'നിളയ്ക്കായ്' എന്ന പ്രത്യേക ജാലവിദ്യ അരങ്ങേറും. പണ്ട് പുഴ ഒഴുകിയിരുന്ന, ഇപ്പോൾ മണൽപ്പരപ്പായ സ്ഥലത്ത് പാലത്തിനു കീഴെ ഒരു തൂണിൽനിന്നു മറ്റൊരു തൂണിലേക്ക് അദൃശ്യനായി മാന്ത്രികൻ യാത്ര ചെയ്യുന്നതാണ് 25 മിനിട്ട് നീളുന്ന ജാലവിദ്യ. സ്പീക്കർ കെ. രാധാകൃഷ്ണൻ പരിപാടി ഉദ്ഘാടനം ചെയ്യും. മന്ത്രി ബിനോയ്വിശ്വം ബോധവത്കരണ ദൗത്യം ഔദ്യോഗികമായി പ്രഖ്യാപിക്കും. കെ.ഇ. ഇസ്മായിൽ എം.പി മുഖ്യാതിഥിയാവും. എം. ഹംസ എം.എൽ.എ അദ്ധ്യക്ഷത വഹിക്കും. ഒ.എൻ.വിയുടെ 'ഭൂമിക്കൊരു ചരമഗീതം' എന്ന വിഖ്യാത കവിതയാണ് ജാലവിദ്യക്ക് അവലംബം. മലയാള സംസ്കാരത്തിന്റെ തെളിനീരുറവയായ ഭാരതപ്പുഴയുടെ വികലമായ വർത്തമാനക്കാഴ്ചകളിലേക്കാണ് ഈ ഇന്ദ്രജാലം ശ്രദ്ധ ക്ഷണിക്കുന്നതെന്ന് വാർത്താസമ്മേളനത്തിൽ പങ്കെടുത്ത മജീഷ്യൻ ഗോപിനാഥ് മുതുകാട് പറഞ്ഞു. ആഗസ്റ്റ് ഒന്നു മുതൽ 14 വരെ ഒരു ജില്ലയിൽ രണ്ടുവീതം വേദികളിലായാണ് ബോധവത്കരണ മാജിക്ഷോ സംഘടിപ്പിക്കുക.

ഷഫാസിനെ കോഴിക്കോട്ട് ചോദ്യം ചെയ്യുന്നു

കോഴിക്കോട്: കോഴിക്കോട് ഇരട്ട സ്ഫോടനക്കേസിലെ നാലാംപ്രതി ഷഫാസിനെ എൻ.ഐ.എ. സംഘം കോഴിക്കോട്ടെത്തിച്ച് ചോദ്യം ചെയ്യാൻ തുടങ്ങി. ഇന്നലെ രാവിലെ 11 മണിയോടെയാണ് എൻ.ഐ.എ എസ്.പി. രാജ്മോഹൻ, സി.ഐ. രാധാകൃഷ്ണൻ എന്നിവരുടെ നേതൃത്വത്തിൽ ഷഫാസിനെ കൊച്ചിയിൽ നിന്നു കോഴിക്കോട്ടു കൊണ്ടുവന്നത്. കോഴിക്കോട് വെസ്റ്റ്ഹിൽ റസ്റ്റ് ഹൗസിൽ വച്ചാണ് ചോദ്യം ചെയ്യുന്നത്. നാളെ രാവിലെ കോഴിക്കോട് മൊഫ്യൂസിൽ ബസ്സ്റ്റാൻഡ് പരിസരത്ത് കൊണ്ടുവന്ന് തെളിവെടുക്കും. തുടർന്ന് സ്ഫോടനത്തിന്റെ ട്രയൽ നടത്തിയ കണ്ണൂരിലേക്ക് കൊണ്ടുപോകും.

ഐ. എ. എസ് റാങ്ക് ലിസ്റ്റ്: തുടർ നടപടി തടഞ്ഞു

കൊച്ചി: സർക്കാർ സർവീസിലുള്ളവർക്ക് സ്ഥാനക്കയറ്റം വഴി ഐ.എ.എസ് നൽകാനുള്ള റാങ്ക് ലിസ്റ്റിലെ തുടർനടപടികൾ കേന്ദ്ര അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ ഒരു മാസത്തേക്ക് സ്റ്റേ ചെയ്തു.

ലിസ്റ്റിൽ തിരിമറി നടന്നതായി ആരോപിച്ച് സ്മാൾ ഫാർമേഴ്സ് അഗ്രി ബിസിനസ് കൺസോർഷ്യം എം.ഡി ഡോ. പി.എൻ. പ്രേമചന്ദ്രൻ സമർപ്പിച്ച ഹർജിയിലാണ് ജുഡിഷ്യൽ അംഗം ജസ്റ്റിസ് കെ. തങ്കപ്പൻ, ഭരണസമിതി അംഗം കെ. ജോർജ് ജോസഫ് എന്നിവരടങ്ങുന്ന ബെഞ്ചിന്റെ ഉത്തരവ്. ഫിനാൻസ് അഡിഷണൽ സെക്രട്ടറി എം. ഗിരീഷ്കുമാർ, ഡി. ആർ.ഡി.എ പ്രോജക്ട് ഡയറക്ടർ വി. രതീശൻ, ആഭ്യന്തരവകുപ്പ് അഡി. സെക്രട്ടറി കെ.കെ. രമണി എന്നിവരെ അനധികൃതമായി മാർക്ക് നൽകിയാണ് സെലക്ട് ലിസ്റ്റിൽ ഉൾപ്പെടുത്തിയതെന്ന് ഹർജിയിൽ ആരോപിക്കുന്നു. നേരത്തേ തയ്യാറാക്കിയ സെലക്ട് ലിസ്റ്റിൽ താൻ ഒന്നാം റാങ്കുകാരനായിരുന്നുവെന്ന് പ്രേമചന്ദ്രൻ ബോധിപ്പിച്ചു. എന്നാൽ ഐ.എ.എസ് ലഭിക്കാതിരിക്കാൻ 2009 സെപ്തംബർ 26ന് തന്നെ സസ്പെൻഡ് ചെയ്തു. തുടർന്ന് ഹൈക്കോടതിയെ സമീപിച്ചു. ലിസ്റ്റിലുൾപ്പെടുത്താൻ ഹൈക്കോടതി നിർദ്ദേശം നൽകിയെങ്കിലും പുതിയ ലിസ്റ്റിൽ പതിനൊന്നാം റാങ്കേ ലഭിച്ചുള്ളൂ. ഐ.എ.എസിൽ രണ്ട് ഒഴിവേ ഉള്ളൂ. പത്തു പേരെയാണ് അഭിമുഖത്തിനു പരിഗണിച്ചത്. ഇവരിൽ ചിലർക്ക് അനധികൃതമായി മാർക്ക് നൽകിയെന്ന് ആരോപിക്കപ്പെട്ട സാഹചര്യത്തിൽ മാർക്ക് നൽകിയതിന്റെ ഫയൽ ഹാജരാക്കാൻ ട്രൈബ്യൂണൽ സർക്കാരിനു നിർദ്ദേശം നൽകി.

ഇന്റർനെറ്റ് മണി ചെയിൻ തട്ടിപ്പ്: കാക്കനാട് സ്വദേശി അറസ്റ്റിൽ

കൊച്ചി: ഇന്റർനെറ്റ് മണി ചെയിൻ തട്ടിപ്പു സ്ഥാപനം നടത്തിവന്ന എറണാകുളം കാക്കനാട് തെന്മലത്ത് ഇന്ദ്രകുമാറിനെ (40) സിറ്റി പൊലീസ് അറസ്റ്റു ചെയ്തു. കലൂർ കെ.കെ. റോഡിൽ ജെയിൻസ് എന്ന സ്ഥാപനത്തിന്റെ മറവിലാണ് അത്യാകർഷകമായ ആനുകൂല്യങ്ങൾ പ്രഖ്യാപിച്ച് തട്ടിപ്പ് നടത്തിയത്. ഇന്ദ്രകുമാറിന്റെ സംഘത്തിലുള്ളവരെ പിടികൂടാൻ അന്വേഷണം ആരംഭിച്ചു. 1500 രൂപ നൽകി അംഗത്വമെടുത്താൽ പതിനായിരത്തിന്റെ ഗുണിതങ്ങളായി തുക നിക്ഷേപിക്കാം.

മണിചെയിൻ തട്ടിപ്പിന് അറസ്റ്റിലായ ഇന്ദ്രകുമാർ

ഓരോ പതിനായിരം രൂപയ്ക്കും ദിവസേന 500 രൂപ വീതം നൂറ് ദിവസത്തേക്ക് അംഗങ്ങളുടെ അക്കൗണ്ടിൽ എത്തും. ചുരുക്കത്തിൽ പതിനായിരം രൂപ മുടക്കുന്ന അംഗത്തിന് മൂന്നു മാസവും പത്തു ദിവസവും കൊണ്ട് 50000 രൂപ ലാഭം ലഭിക്കുമെന്നാണ് വാഗ്ദാനം ചെയ്തിരുന്നത്.

ബിസിനസ്സിൽ നിന്നുള്ള ലാഭം ഉപയോഗിച്ച് പാണാവള്ളിയിൽ സ്ഥലം വാങ്ങി ടൂറിസം പദ്ധതി തയ്യാറാക്കുമെന്നും, ഒരു ലക്ഷം രൂപ നിക്ഷേപിക്കുന്നവർക്ക് ഇവിടത്തെ ആയുർവേദ ഗ്രാമത്തിൽ വീടും നൽകുമെന്നും പറഞ്ഞിരുന്നു. സംശയം തോന്നിയ ചില അംഗങ്ങൾ സിറ്റി പൊലീസ് കമ്മിഷണർക്ക് പരാതി നൽകിയതോടെയാണ് തട്ടിപ്പ് പുറത്തായത്. ഷാഡോ പൊലീസ് എസ്.ഐ. വിജയശങ്കർ, നോർത്ത് പൊലീസ് എന്നിവർ ചേർന്നാണ് പ്രതിയെ അറസ്റ്റ് ചെയ്തത്. പണം വാങ്ങിയതിനുള്ള യാതൊരു രേഖകളും ഇന്ദ്രകുമാർ നൽകിയിരുന്നില്ലെന്ന് സ്പെഷ്യൽ ബ്രാഞ്ച് അസി. കമ്മിഷണർ ഇല്ലിക്കൽ ഷംസു പറഞ്ഞു.

തിലകൻ ഖേദം പ്രകടിപ്പിക്കാതെ ചിത്രങ്ങളിൽ സഹകരിപ്പിക്കില്ല: സിബിമലയിൽ

കൊച്ചി : ഫെഫ്കയെ മാഫിയാ സംഘമെന്ന് അധിക്ഷേപിച്ച നടൻ തിലകൻ ഖേദം പ്രകടിപ്പിക്കാതെ അദ്ദേഹത്തെ ചിത്രങ്ങളിൽ സഹകരിപ്പിക്കില്ലെന്ന് സംഘടനാ പ്രസിഡന്റ് സിബിമലയിൽ വാർത്താസമ്മേളനത്തിൽ പറഞ്ഞു. 'ഡാം 999' ന്റെ സെറ്റിൽ മാക്ട ഫെഡറേഷൻ അംഗങ്ങളായ ആറുപേർ നോക്കുകൂലി വാങ്ങുകയാണെന്ന് അദ്ദേഹം ആരോപിച്ചു.

''തിലകനെതിരെ കഴിഞ്ഞ 17 ന് ഫെഫ്ക എടുത്ത തീരുമാനത്തിൽ ഉറച്ചുനിൽക്കുന്നു. ഫെഫ്കയെ മാദ്ധ്യമങ്ങൾ വഴിയാണ് പരസ്യമായി തിലകൻ അധിക്ഷേപിച്ചത്. അദ്ദേഹം ഖേദം പ്രകടിപ്പിക്കട്ടെ. അതുവരെ സഹകരിക്കില്ല. മാഫിയാ സംഘമാണെങ്കിൽ ഞങ്ങളുടെ ചിത്രങ്ങളിൽ തിലകൻ എന്തിനാണ് അഭിനയിക്കാൻ ശ്രമിക്കുന്നത്'' – സിബിമലയിൽ ചോദിച്ചു.

തിലകനെന്ന വലിയ നടനെക്കൊണ്ട് 'ചുടുചോറ് വാരിച്ച്' വീണ്ടും സിനിമയിലേക്ക് വഴിതുറക്കാൻ ഒരു വ്യക്തി നടത്തുന്ന തന്ത്രങ്ങളാണ് പ്രശ്നങ്ങൾക്കു പിന്നിൽ. എല്ലാവരും അറിയുന്ന അദ്ദേഹത്തിന്റെ പേര് തങ്ങൾ പറഞ്ഞ് പ്രചരിപ്പിക്കാൻ തയ്യാറല്ലെന്ന് ചോദ്യത്തിന് ഉത്തരമായി സിബി പറഞ്ഞു.

ഫെഫ്കയുടെ വിലക്കുമൂലം ഇംഗ്ലീഷ് ചിത്രത്തിൽ അഭിനയിക്കാനുള്ള അവസരം തിലകന് നഷ്ടമായില്ലേയെന്ന ചോദ്യത്തിന്, 'ഡാം 999' ഇന്ത്യക്കാർ ഒരുക്കുന്ന ഇംഗ്ലീഷ് സംസാരിക്കുന്ന ചിത്രം മാത്രമാണെന്ന് സിബി പറഞ്ഞു.

സോഹൻറോയ് സംവിധാനം ചെയ്യുന്ന 'ഡാം 999' ൽ മാക്ട ഫെഡറേഷൻ അംഗങ്ങൾക്കും പണി നല്കാൻ ഫെഫ്ക തയ്യാറായെന്ന വാർത്ത ശരിയല്ല. ചിത്രത്തിന്റെ നിർമ്മാതാവിനെ ഭീഷണിപ്പെടുത്തി ആറു പേരെ ഫെഡറേഷൻ സെറ്റിൽ ഉൾപ്പെടുത്തിയതാണ്. ഇവർ യാതൊരു പണിയും ചെയ്യുന്നില്ല. ഗുണ്ടായിസംവഴി വെറുതേ കൂലി വാങ്ങുകയാണ്. സെറ്റുകളിൽ ഫെഡറേഷനും ഫെഫ്കയ്ക്കും ആനുപാതിക പ്രാതിനിദ്ധ്യം നല്കാമെന്ന് തൊഴിൽമന്ത്രിയുമായി ചർച്ചയിൽ ധാരണയുണ്ടാക്കിയെന്ന പ്രചാരണം ശരിയല്ല. അത്തരം തീരുമാനമെടുത്തിട്ടില്ലെന്ന് യോഗത്തിന്റെ മിനിറ്റ്സ് കാണിച്ച് സിബി പറഞ്ഞു. മാക്ട ഫെഡറേഷൻ അംഗങ്ങൾ പണിയെടുക്കുന്ന ചിത്രങ്ങളുമായി ഫെഫ്ക സഹകരിക്കില്ല. തൊഴിലാളികളുടെ ദേശീയ ഫെഡറേഷനായ ഐഫെക്കിന്റെ അഫിലിയേഷനില്ലാത്ത സംഘടനകൾക്കൊപ്പം പ്രവർത്തിക്കില്ല. സിനിമാ സെറ്റുകളിലേക്ക് മാർച്ച് നടത്തി ഷൂട്ടിംഗ് തടയുമെന്ന ഫെഡറേഷന്റെ മുന്നറിയിപ്പിനെ നിയമപരമായി നേരിടും. സർക്കാരുമായി ബന്ധപ്പെട്ട് സംരക്ഷണം ഉറപ്പുവരുത്തിയിട്ടുണ്ട്. രാഷ്ട്രീയ ബന്ധമുള്ള എ. ഐ. ടി. യു. സിയിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള മാക്ട ഫെഡറേഷൻ ഐഫെക്കിന്റെ അഫിലിയേഷൻ ലഭിക്കാൻ അപേക്ഷ നല്കിയത് വിചിത്രമാണ്. സ്വന്തം അസ്തിത്വംപോലും അറിയാത്ത സംഘടനയായി ഫെഡറേഷൻ മാറിയെന്ന് സിബി പറഞ്ഞു. ഫെഫ്ക ഭാരവാഹികളായ സിദ്ദിഖ്, ജോസ് തോമസ് തുടങ്ങിയവരും വാർത്താസമ്മേളനത്തിൽ പങ്കെടുത്തു.

അനീതിക്കെതിരെ പോരാട്ടം തുടരും: തിലകൻ

കായംകുളം : സിനിമയിലെ അനീതിക്കെതിരെയുള്ള തന്റെ പോരാട്ടത്തിന്റെ ആദ്യവിജയമാണ് ഹോളിവുഡ് സിനിമയിൽനിന്ന് ഒഴിവാക്കിയതിന് ലഭിച്ച നഷ്ടപരിഹാരമെന്ന് നടൻ തിലകൻ പറഞ്ഞു. തന്റെ പോരാട്ടം കൂടുതൽ ശക്തിയോടെ തുടരും.

കായംകുളത്ത് റെഡ് റിബൺ എക്സ്പ്രസിന്റെ സ്വീകരണ ചടങ്ങിൽ പങ്കെടുക്കാൻ എത്തിയ അദ്ദേഹം മാദ്ധ്യമപ്രവർത്തകരുമായി സംസാരിക്കുകയായിരുന്നു. തനിക്ക് ഓസ്കാർ അവാർഡ് ലഭിക്കാൻ സാദ്ധ്യതയുണ്ടെന്ന് കരുതിയാണ് അമ്മ ഹോളിവുഡ് ചിത്രമായ ഡാം 999ൽ നിന്ന് തന്നെ ഒഴിവാക്കിയത്. കമ്മ്യൂണിസ്റ്റുകാരനായ തനിക്ക് കെ.എസ്.യുവും യൂത്ത്കോൺഗ്രസും പിന്തുണ അറിയിച്ചിട്ടുണ്ട്.

പുതിയ തലമുറയെ അകറ്റിനിറുത്തുന്ന ഒരു ലോബി മലയാള സിനിമയിൽ ഇന്നുണ്ട്. ഇതിനെതിരെ കൂടിയാണ് തന്റെ സമരം. താൻ ജാതി പ്രസ്താവനകൾ നടത്തിയെന്നാണ് ആരോപണം. ബോധപൂർവം ജാതിക്കാർഡ് ഇറക്കിക്കളിക്കുന്ന ഒരുപാടുപേർ സിനിമയിൽ ഉണ്ടെന്നും തിലകൻ പറഞ്ഞു.

■ സി.പി.എം ഉപരോധ സമരം

കേന്ദ്ര ഗവ. ഓഫീസുകളുടെ പ്രവർത്തനം സുഗമമാക്കും

തിരുവനന്തപുരം: വിലക്കയറ്റത്തിനെതിരെ സി.പി.എം നടത്തുന്ന അഞ്ചുദിവസത്തെ ഉപരോധ സമരം കാരണം കേന്ദ്ര സർക്കാർ ഓഫീസുകളുടെ പ്രവർത്തനം തടസ്സപ്പെടാതിരിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കാൻ പൊലീസിനും ബന്ധപ്പെട്ട അധികൃതർക്കും നിർദ്ദേശം കൊടുത്തിട്ടുണ്ടെന്ന് ആഭ്യന്തരമന്ത്രി കോടിയേരി ബാലകൃഷ്ണൻ നിയമസഭയിൽ പറഞ്ഞു. ഈ സമരത്തിന്റെ പേരിൽ നിയമവിരുദ്ധ പ്രവർത്തനങ്ങൾ നടത്തുന്നുണ്ടെങ്കിൽ കർശനമായി തടയുമെന്ന് പ്രതിപക്ഷ നേതാവ് ഉമ്മൻചാണ്ടിയുടെ സബ്മിഷനു മന്ത്രി മറുപടി നൽകി. പോസ്റ്റ് ഓഫീസുകൾ ഉൾപ്പെടെ 74 കേന്ദ്രങ്ങളിലാണ് സമരം.

പശ്ചിമ ബംഗാളിൽ കേന്ദ്രം അരിവിഹിതം വെട്ടിക്കുറയ്ക്കാത്തതിനാൽ അവിടെ സമരമില്ല. സി.പി.എമ്മിനു സമരം നടത്താൻ പൊലീസിന്റെ സഹായം ആവശ്യമില്ലെന്നും മന്ത്രി പറഞ്ഞു. കേന്ദ്ര സർക്കാരിനെതിരെയല്ല കേരളത്തിലെ ജനങ്ങൾക്കെതിരെയാണ് സി.പി.എം സമരം നടത്തുന്നതെന്ന് ഉമ്മൻചാണ്ടി കുറ്റപ്പെടുത്തി. പോസ്റ്റ് ഓഫീസുകളുടെ പ്രവർത്തനം സ്തംഭിച്ചിരിക്കുന്നതിനാൽ മറ്റു സംസ്ഥാനങ്ങളിലെ പല പരീക്ഷകൾക്കും ഹാൾടിക്കറ്റ് പ്രതീക്ഷിച്ചിരിക്കുന്ന വിദ്യാർത്ഥികളും അവരുടെ രക്ഷാകർത്താക്കളും ആശങ്കയിലാണ്. പെൻഷൻ ഉൾപ്പെടെയുള്ള പല ആനുകൂല്യങ്ങളും ലഭിക്കേണ്ട മാസമാണ് മാർച്ച്. പൊലീസ് സമരക്കാർക്ക് കൂട്ടുനിൽക്കുന്നതിനാൽ സമരം നടക്കുന്ന ഓഫീസുകളിലേക്ക് ആർക്കും കടക്കാൻ കഴിയുന്നില്ല – ഉമ്മൻചാണ്ടി പറഞ്ഞു.

ടൂറിസ്റ്റ് കേന്ദ്രങ്ങളിലേക്കുള്ള യാത്ര സുഗമമാക്കാൻ പദ്ധതി

തിരുവനന്തപുരം : ടൂറിസ്റ്റ് കേന്ദ്രങ്ങളിലേക്കുള്ള യാത്ര സുഗമമാക്കാൻ സി പ്ളെയിൻ, ഹൈഡ്രോളിക് പ്ളെയിൻ ടാക്സി സർവീസ് തുടങ്ങുന്നതിനുള്ള പദ്ധതി പരിഗണനയിലുണ്ടെന്ന് മന്ത്രി കോടിയേരി ബാലകൃഷ്ണൻ നിയമസഭയിൽ പറഞ്ഞു.

കേരളത്തിന്റെ പരിസ്ഥിതിക്ക് അനുയോജ്യമാണോ പദ്ധതിയെന്ന് പഠനം നടത്തുന്നതിന് ഒരു ഏജൻസിയെ കണ്ടെത്താൻ കെ.ടി.ഡി.സിയെ ചുമതലപ്പെടുത്തിയിട്ടുണ്ടെന്ന് വി. എൻ. വാസവന്റെ ശ്രദ്ധക്ഷണിക്കലിന് മറുപടിയായി മന്ത്രി പറഞ്ഞു. ഈ പദ്ധതി സർക്കാരിന് നേരിട്ട് നടത്താൻ കഴിയില്ല. സ്വകാര്യ സംരംഭകരെ കൊണ്ട് നടത്തിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

പശ്ചാത്തല സൗകര്യം സർക്കാർ ചെയ്തു കൊടുക്കും. പട്ടികജാതി– പട്ടിക വർഗ വിഭാഗങ്ങൾക്കുള്ള സ്പെഷ്യൽ കമ്പോണന്റ് പദ്ധതി പൂർണമായി നടപ്പാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് കെ. കെ. ഷാജുവിന്റെ ശ്രദ്ധക്ഷണിക്കലിന് മറുപടിയായി മന്ത്രി എ.കെ. ബാലൻ പറഞ്ഞു.

പദ്ധതി തുകയിൽ 97 ശതമാനവും ചെലവഴിച്ചു. മുൻകാലങ്ങളിൽ വിനിയോഗം 77% ശതമാനം വരെയായിരുന്നവെന്ന് മന്ത്രി അറിയിച്ചു.

വാസുക്കുട്ടി വധം: ശ്യാമിനെ റിമാൻഡ് ചെയ്തു പ്രതി നയിച്ചത് ആർഭാട ജീവിതം

പത്തനംതിട്ട : സ്വകാര്യ ബാങ്ക് ഉടമചുരുളിക്കോട് പാലമൂട്ടിൽ പി.കെ.വാസുക്കുട്ടിയെ കൊലപ്പെടുത്തി സ്വർണവും പണവും തട്ടിയെടുത്ത കേസിലെ നാലാം പ്രതി കണ്ണങ്കര തറയിൽ ശ്യാമിനെ (ഹരിദാസ്–23) പത്തനംതിട്ട ജുഡീഷ്യൽ ഒന്നാം ക്ലാസ് മജിസ്ട്രേട്ട് കോടതി (ഒന്ന്) ജഡ്ജി എസ്.രാധാകൃഷ്ണൻ 3 ദിവസത്തേക്ക് റിമാൻഡ് ചെയ്തു. 12 ന് വീണ്ടും കോടതിയിൽ ഹാജരാക്കും.

പ്രതിയെ സെൻട്രൽ ജയിലിൽ കൊണ്ടുപോകേണ്ടതില്ലെന്നുംപത്തനംതിട്ട സബ് ജയിലിൽ താമസിപ്പിക്കണമെന്നും കോടതി നിർദ്ദേശിച്ചു. ശ്യാമിന് കൊലപാതകവുമായി നേരിട്ട് ബന്ധമില്ലെങ്കിലും രണ്ടും മൂന്നും പ്രതികളെ സംരക്ഷിച്ചതിനും ഇവർ നൽകിയ മോഷണമുതൽ ധൂർത്തടിച്ചതിനുമാണ് കേസെന്ന് ക്രൈംബ്രാഞ്ച് ഡിവൈ. എസ്.പി വി. വേണുഗോപാൽ പറഞ്ഞു. നൂറിൽ കൂടുതൽ പവൻ സ്വർണാഭരണങ്ങൾ ഇനിയും കണ്ടെടുക്കാനുണ്ട്. അന്വേഷണത്തിന്റെ ഭാഗമായി ഒന്നാം പ്രതിയായ ബിജുവിനെ നുണപരിശോധനയ്ക്ക് വിധേയനാക്കും. കഴിഞ്ഞ ശനിയാഴ്ച രാത്രി ഉപ്പുതറയിലുള്ള ബന്ധുവീട്ടിൽ നിന്നാണ് ശ്യാമിനെ അറസ്റ്റു ചെയ്തത്. മറ്റ് പ്രതികളായ ഇലന്തൂർ പൂക്കോട് പേട്ടയിൽ ബിജു (36), മുണ്ടുകോട്ടയ്ക്കൽ പൊറ്റയിൽ രഞ്ജിത്ത് (ലുട്ടാപ്പി–23), ഞണ്ടുകല്ലിൽ രഞ്ജിത്ത് (ഷിജിൻ– 26) എന്നിവരെ നേരത്തെ അറസ്റ്റ് ചെയ്തിരുന്നു. ഇവർ തിരുവനന്തപുരം സെൻട്രൽ ജയിലിലാണ്. മുംബൈയിലെ കലംപൊലിയിൽ വാടകയ്ക്ക് താമസിക്കുകയായിരുന്ന ശ്യാമിന് രണ്ടും മൂന്നും പ്രതികളായ രഞ്ജിത്തുമാരുമായുള്ള ബന്ധമാണ് ഇവരെ അവിടെ ഒളിവിൽ കഴിയാൻ സഹായിച്ചത്. വാസുക്കുട്ടി വധവുമായി ബന്ധപ്പെട്ട് ഒന്നാം പ്രതി ബിജു അറസ്റ്റിലായതോടെയാണ് ഇവർ ശ്യാമിന്റെ അടുത്തേക്ക് പോയത്. ബിജു അറസ്റ്റിലായെന്ന് ഉറപ്പുവരുത്തിയ പ്രതികൾ തങ്ങളും അറസ്റ്റിലായേക്കുമെന്ന് കരുതി സ്വർണവും പണവും ശ്യാമിനെ ഏല്പിച്ചു. ക്രൈംബ്രാഞ്ച് തിരയുന്നുണ്ടെന്ന വിവരം ലഭിച്ചതോടെ ശ്യാം സുഹൃത്തുക്കളെ ഇവിടെ നിന്ന് മാറ്റിയെങ്കിലും അവർ ക്രൈംബ്രാഞ്ച് സംഘത്തിന്റെ പിടിയിലായി. കൊലപാതകവുമായി ബന്ധപ്പെട്ട മൂന്ന് പ്രതികളും അറസ്റ്റിലായെന്ന് മനസിലാക്കിയ ശ്യാം തന്നെ ഏൽപ്പിച്ച സ്വർണം വിറ്റുകിട്ടിയ പണവുമായി ആർഭാട ജീവിതം നയിക്കുകയായിരുന്നു. ശ്യാമിന്റെ പക്കൽ നിന്ന് 13 ഗ്രാം സ്വർണവും കാറും ബൈക്കും പിടിച്ചെടുത്തിട്ടുണ്ട്.